"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ജലവിഭവ വകുപ്പ് - "JJM - CWSS to Anadu and Nanniyode Panchayaths- Balance work of 200mm DI pumping main- pipe line work" എന്ന ജൽ ജീവൻ മിഷൻ പ്രവൃത്തിയ്ക്ക് ലഭിച്ച ഏക ദർഘാസ് അംഗീകരിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ജലവിഭവ (ജലവിതരണ-ബി) വകുപ്പ്**

സ.ഉ.(കൈ) നം.20/2025/WRD തീയതി,തിരുവനന്തപുരം, 22-03-2025

---

പരാമർശം:-
1. സ.ഉ. (പി) നം. 375/2015/ധന തീയതി 24.08.2015.
2. സ.ഉ. (പി)നം. 16/2017/ധന തീയതി 06.02.2017.
3. സ.ഉ (സാധ) നം. 489/2021/ജ.വി.വ തീയതി 18.09.2021.
4. കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ 22.10.2024 തീയതിയിലെ KWA-JB/7425/2024-AEE7 നമ്പർ കത്ത്.

**ഉത്തരവ്**

"JJM - CWSS to Anadu and Nanniyode Panchayaths- Balance work of 200mm DI pumping main- pipe line work" എന്ന പ്രവൃത്തി ഉൾപ്പെടുന്ന പദ്ധതിക്ക് പരാമർശം (3) പ്രകാരം 65.66 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത പ്രവൃത്തിയ്ക്ക് 1.78 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകിയിരുന്നു.

2. പ്രസ്തുത പ്രവൃത്തിയ്ക്കായി 1,50,33,825/- രൂപ (GST ഒഴികെ) Tendered PAC ആയി കേരള വാട്ടർ അതോറിറ്റി 4 പ്രാവശ്യം ടെണ്ടർ ക്ഷണിച്ചിരുന്നു. ആദ്യ പുന:ദർഘാസിൽ ലഭിച്ച single bid, ഉയർന്ന നിരക്കാണ് ക്വാട്ട് ചെയ്തത് എന്ന കാരണത്താൽ റദ്ദു ചെയ്തു. തുടർന്നുള്ള രണ്ടാം പുന:ദർഘാസും ആരും ദർഘാസ് സമർപ്പിക്കാത്തിനാൽ റദ്ദു ചെയ്തു. മൂന്നാം പുന:ദർഘാസിൽ "ശ്രീ. റ്റി. തങ്കപ്പൻ, കെ.എസ് ഭവൻ, കണ്ണറവിള, നെല്ലിമൂട്. പി.ഒ, തിരുവനന്തപുരം- 695 524" എന്ന കരാറുകാരനിൽ നിന്നുള്ള ഓഫർ മാത്രമാണ് ലഭിച്ചതെന്നും, കരാറുകാരൻ ക്വാട്ട് ചെയ്തു 1,75,88,786.31/- രൂപ TPACയേക്കാൾ 17% കൂടുതലായിരുന്നു എന്നും പരാമർശം (4) പ്രകാരം കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ റിപ്പോർട്ടു ചെയ്യുകയുണ്ടായി.

3. പരാമർശം (2) - ലെ സർക്കാർ ഉത്തരവ് പ്രകാരം DSoR + 10%, പ്രാദേശിക വിപണി നിരക്ക്, കരാറുകാരൻ ക്വാട്ട് ചെയ്ത തുക, ഇവയിൽ ഏതാണോ കുറവ് വരുന്നത് ആ തുകയ്ക്കാണ് ദർഘാസ് അംഗീകരിക്കേണ്ടത്. ഇതിൽ കുറഞ്ഞ തുകയായ Current DsoR+10% നിരക്കായ 1,65,37,207/- രൂപയ്ക്കു മാത്രമേ പ്രസ്തുത ദർഘാസ് അനുവദിക്കാനാകുകയുള്ളൂ. കരാറുകാരനുമായി negotiation നടത്തിയെങ്കിലും ക്വാട്ട് ചെയ്ത തുകയേക്കാൾ കുറഞ്ഞ തുകയ്ക്ക് പ്രവൃത്തി ഏറ്റെടുക്കുവാൻ ടിയാൻ തയ്യാറായില്ല എന്ന് കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

4. ഡി.ഐ പൈപ്പുകൾ പ്രസ്തുത പ്രവൃത്തിയുടെ ഒരു പ്രധാന ഘടകമാണ് എന്നതിനാലും, ആയതിന്റെ വിപണി നിരക്ക് എസ്റ്റിമേറ്റ് നിരക്കിനേക്കാൾ കൂടുതലായതിനാലും, മെച്ചപ്പെട്ട

ഓഫർ ലഭിക്കാൻ ഒരു സാധ്യതയുമില്ലെന്ന് കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ സർക്കാരിനെ അറിയിച്ചു. സ്ഥലത്തിന്റെ അവസ്ഥയനുസ്സരിച്ച് എസ്റ്റിമേറ്റ് പുന:നിർമ്മിക്കുന്നതിന് സാധ്യതയില്ലെന്നും അറിയിച്ചു. ഈ സാഹചര്യത്തിൽ, സിംഗിൾ ബിഡ്ഡർക്ക് അദ്ദേഹം ക്വാട്ട് ചെയ്ത തുകയ്ക്ക് പ്രസ്തുത ടെൻഡർ അനുവദിക്കാൻ കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

5. സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. പ്രസ്തുത പ്രവൃത്തിയ്ക്ക് നാലുപ്രാവശ്യം ടെണ്ടർ വിളിച്ചിട്ടുണ്ട്. ഇപ്പോൾ ഈ ടെണ്ടറിൽ യഥാർത്ഥ മാർക്കറ്റ് റേറ്റിൽ നിന്നും വെറും മൂന്നുലക്ഷം രൂപ മാത്രമേ കൂടുതലായി വന്നിട്ടുള്ളൂവെന്നും, ഈ പ്രവൃത്തി നടപ്പിലാകാത്തതുകാരണം ഇതുമായി ബന്ധപ്പെട്ട മറ്റ് പ്രവൃത്തികളെ ബാധിക്കുന്നുണ്ടെന്നും, കൂടാതെ ഇനിയും കാലതാമസം വരുത്തുന്നത് കൂടുതൽ ചെലവുണ്ടാക്കും എന്നും സർക്കാർ നിരീക്ഷിക്കുകയുണ്ടായി.

6. പ്രസ്തുത സാഹചര്യത്തിൽ "JJM-CWSS to Anadu and Nanniyode Panchayaths-Balance work of 200 mm DI pumping main- pipe line work" എന്ന പ്രവൃത്തിക്ക് single bidder ആയ "ശ്രീ. റ്റി. തങ്കപ്പൻ, കെ.എസ് ഭവൻ, കണ്ണറവിള, നെല്ലിമൂട്. പി.ഒ, തിരുവനന്തപുരം- 695 524" എന്ന കരാറുകാരൻ ക്വാട്ട് ചെയ്ത ഏക ദർഘാസ് Tendered PAC യേക്കാൾ 17% അധികരിച്ച തുകയായ 1,75,88,786/- രൂപയ്ക്ക് (ഒരു കോടി എഴുപത്തിയഞ്ച് ലക്ഷത്തി എൺപത്തിയെട്ടായിരത്തി എഴുന്നൂറ്റി എൺപത്തിയാറ് രൂപ മാത്രം) അംഗീകരിക്കുന്നതിനുള്ള അനുമതി കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർക്ക് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിശ്വനാഥ് സിൻഹ
അഡീഷണൽ ചീഫ് സെക്രട്ടറി

1. മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി, തിരുവനന്തപുരം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്), കേരള, തിരുവനന്തപുരം.
3. പൊതുഭരണ (എസ്.സി) വകുപ്പ് (18.03.2025-ലെ ഇനം. 2779 പ്രകാരം)
4. ധനകാര്യ വകുപ്പ് (ഫയൽ നം. പി.യു-സി1/261/2024-ധന)
5. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി
6. കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signed by
Khadeeja Alungal
Date: 24-03-2025 10:01:31
സെക്ഷൻ ഓഫീസർ

പകർപ്പ്:- ജലവിഭവ വകുപ്പ് മന്ത്രിയുടെ പി.എസ്- ന്
ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എസ്- ന്

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

### തീയതി : 18-03-2025

ഫയൽ നം. ഡബ്ല്യൂ.എസ്.-ബി1/229/2024/ജ.വി.വ. ഇനം നം: 2779

വിഷയം : ജലവിഭവ വകുപ്പ് - "JJM-CWSS to Anadu and Nanniyode Panchayaths - Balance work of 200mm DI pumping main - pipe line work" എന്ന പ്രവൃത്തിയ്ക്ക് ലഭിച്ച Tendered PAC-യേക്കാൾ 17% അധികരിച്ച 1,75,88,786/- രൂപയ്ക്ക് ടെൻഡർ അംഗീകരിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ശാരദ മുരളീധരൻ
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ജലവിഭവ വകുപ്പ്.

OFFICE OF THE ADDITIONAL CHIEF SECRETARY, HOME & VIGILANCE DEPARTMENT
19 MAR 2025

## കേരള സർക്കാർ
## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

### മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | ഡബ്ല്യു. എസ്- ബി/229/2024-ജ.വി.വ |
| 2. | വകുപ്പ് | : | ജലവിഭവ (ജലവിതരണ -ബി) വകുപ്പ് |
| 3. | വിഷയം | : | "JJM-CWSS to Anadu and Nanniyode Panchayaths- Balance work of 200mm DI pumping main- pipe line work" എന്ന പ്രവൃത്തിയ്ക്ക് ലഭിച്ച Tendered PAC യേക്കാൾ 17% അധികരിച്ച 1,75,88,786/- രൂപയ്ക്ക് ടെൻഡർ അംഗീകരിക്കുന്നത് സംബന്ധിച്ച്. |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 24/02/2025 |
| 5. | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | ഉണ്ട് |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? | : | ഉണ്ട്. അതെ |
| | ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല. |
| 7. | കുറിപ്പ് സമർപ്പിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. സജികുമാർ. ജെ |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ. ബിശ്വനാഥ് സിൻഹ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 01/03/2025 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി. ശാരദ മുരളീധരൻ |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 04/03/2025 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.റോഷി അഗസ്റ്റിൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | | 05/03/2025 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 05/03/2025 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

"JJM - CWSS to Anadu and Nanniyode Panchayaths- Balance work of 200mm DI pumping main- pipe line work" എന്ന പ്രവൃത്തിയ്ക്ക് ലഭിച്ച Tendered PAC യേക്കാൾ 17% അധികരിച്ച 1,75,88,786.31/- രൂപയുടെ ഏക ദർഘാസ് അംഗീകരിക്കുന്നതുമായി ബന്ധപ്പെട്ടതാണ് ഈ കുറിപ്പ്.

2. പ്രസ്തുത പ്രവൃത്തി ഉൾപ്പെടുന്ന പദ്ധതിയ്ക്ക് 18.09.2021 തീയതിയിലെ സ.ഉ (സാധ) നം. 489/2021/ജ.വി.വ പ്രകാരം 65.66 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത പ്രവൃത്തിയ്ക്ക് 1.78 കോടി രൂപയുടെ സാങ്കേതികാനുമതി കേരള വാട്ടർ അതോറിറ്റി നൽകിയിരുന്നു.

3. പ്രസ്തുത പ്രവൃത്തിയ്ക്കായി 1,50,33,825/- രൂപ (GST ഒഴികെ) Tendered PAC ആയി തിരുവനന്തപുരം പി.എച്ച് സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയർ 4 പ്രാവശ്യം ടെണ്ടർ ക്ഷണിച്ചിരുന്നു. ആദ്യ പുനഃദർഘാസിൽ ലഭിച്ച single bid, ഉയർന്ന നിരക്കാണ് ക്വാട്ട് ചെയ്തത് (TPAC യേക്കാൾ 19.12% അധികരിച്ചത്) എന്ന കാരണത്താൽ റദ്ദ് ചെയ്തു. തുടർന്നുള്ള രണ്ടാം പുനഃദർഘാസും ആരും ദർഘാസ് സമർപ്പിക്കാത്തിനാൽ റദ്ദ് ചെയ്തു. മൂന്നാം പുനഃദർഘാസിൽ "ശ്രീ. റ്റി. തങ്കപ്പൻ, കെ.എസ് ഭവൻ, കണ്ണറവിള, നെല്ലിമൂട്. പി.ഒ, തിരുവനന്തപുരം- 695 524" എന്ന കരാറുകാരനിൽ നിന്നുള്ള ഓഫർ മാത്രമാണ് ലഭിച്ചത്. പ്രസ്തുത ദർഘാസ് 02.08.2024 തീയതിയിൽ തുറന്നു. കരാറുകാരൻ ക്വാട്ട് ചെയ്ത തുക 1,75,88,786.31/- രൂപയാണ് (TPAC യേക്കാൾ 17% അധികരിച്ചത്). ഐറ്റം റേറ്റ് കരാറായിട്ടാണ് പ്രസ്തുത ടെൻഡർ ക്ഷണിച്ചിട്ടുള്ളതെന്ന് കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ അറിയിച്ചു. ക്വാട്ട് ചെയ്ത തുക കുറയ്ക്കുന്നതിനും, ആയത് SOR+10% ടോളറൻസ് പരിധി, പ്രാദേശിക വിപണി നിരക്ക് ഇവയിൽ ഏതാണോ കുറവ് അതിലേയ്ക്ക് കൊണ്ടുവരുന്നതിനായി ടെണ്ടറിംഗ് അതോറിറ്റി കരാറുകാരനുമായി negotiation നടത്തുകയുണ്ടായി. എന്നാൽ കരാറുകാരൻ ക്വാട്ട് ചെയ്ത തുക കുറയ്ക്കുന്നതിന് വിസമ്മതിച്ചു.

താരതമ്യ വിശദാംശങ്ങൾ ഇപ്രകാരമാണ്:

Quoted Amount - Rs.1,75,88,786/- (17 % above TPAC)

Local Market Rate - Rs. 1,72,59,440.14/- (14.80% above TPAC)

Current DSoR+10%- Rs. 1,65,37,207/-

4. നിലവിലെ സർക്കാർ ഉത്തരവുകൾക്ക് വിധേയമായി മുകളിൽ പ്രസ്താവിച്ചിട്ടുള്ളതിൽ ഏറ്റവും കുറഞ്ഞ തുകയും, Current DsoR+10% നിരക്കുമായ 1,65,37,207/- രൂപയ്ക്കു മാത്രമേ പ്രവൃത്തി അനുവദിക്കാനാകൂ.

താരതമ്യ സ്റ്റേറ്റ്മെന്റ് താഴെ ചേർക്കുന്നു:

| **Quoted Amount -** Rs.1,75,88,786/- | | |
|---|---|---|
| | Amount | Quoted Amount Percentage Above or Below |
| Tendered PAC | Rs. 1,50,33,825/- | **17 % Above** |
| Current SoR +10% amount | Rs. 1,65,37,207/- | **6.35 % Above** |
| Local Market Rate (From PRICE) | Rs. 1,72,59,440.14/- | **1.9 % Above** |

5. 24.08.2015-ലെ സ. ഉ (പി) നം. 375/15/ധന പ്രകാരം ഉത്തരവ് പ്രകാരം അധിക തുകയ്ക്ക് ടെണ്ടറുകൾ അനുവദിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഇപ്രകാരമാണ്:

*"Normally no tender excess above 10% of estimated PAC will be allowed. If the lowest tender received exceeds 10% of the estimated cost, all such works shall be re- tendered under normal circumstances. However, if the Heads of Departments feel that some works exceeding 10% of PAC are to be urgently executed in the exigency of public service, then all such works shall be sanctioned at Government level with the concurrence of Finance Department. The Head of Department shall exercise due diligence in recommending each such proposal and should personally evaluate the circumstances that warrants such special considerations and submit a detailed justification for the acceptance of each such proposals"*

*6. ഇക്കാര്യത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം താഴെ പറയുന്നു:*

"AD is informed that, In case AD /KWA feel that there will be no change in estimate amount even after reworking the estimate and no scope in getting a better response even on recall of tenders, then the single offer submitted by Sri.T. Thankanppan, K S Bhavan, Kannaravila, Nellimoodu P.O. Tvpm - 695524 at his quoted amount of Rs. 1,75,88,786.31 which is 17% above TPAC of Rs.1,50,33,825/- may be placed before Council of Ministers for approval, with full justification (after making an earnest effort to bring down the rate to LMR PAC (as the quoted amount is reported as 1.91% above TPAC based on LMR).

*This has the approval of Hon'ble Minister (Finance)"*

7. ഡി.ഐ പൈപ്പുകൾ പ്രസ്തുത പ്രവൃത്തിയുടെ ഒരു പ്രധാന ഘടകമാണ് എന്നതിനാലും, ആയതിന്റെ വിപണി നിരക്ക് എസ്റ്റിമേറ്റ് നിരക്കിനേക്കാൾ കൂടുതലായതിനാലും, മെച്ചപ്പെട്ട ഓഫർ ലഭിക്കാൻ ഒരു സാധ്യതയുമില്ലെന്ന് കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ സർക്കാരിനെ അറിയിച്ചു. സ്ഥലത്തിന്റെ അവസ്ഥയനുസ്സരിച്ച് എസ്റ്റിമേറ്റ് പുന:നിർമ്മിക്കുന്നതിന് സാധ്യതയില്ലെന്നും അറിയിച്ചു. ഈ സാഹചര്യത്തിൽ, സിംഗിൾ ബിഡ്ഡർക്ക് അദ്ദേഹം ക്വാട്ട് ചെയ്ത തുകയ്ക്ക് പ്രസ്തുത ടെൻഡർ അനുവദിക്കാൻ കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ ശുപാർശ ചെയ്തു.

8. ബഹു. ജലവിഭവ വകുപ്പ് മന്ത്രി താഴെ പറയും പ്രകാരം അഭിപ്രായപ്പെട്ടു:

"നാലുപ്രാവശ്യം ടെണ്ടർ വിളിച്ചിട്ടുണ്ട്. ഇപ്പോൾ ഈ ടെണ്ടറിൽ യഥാർത്ഥ മാർക്കറ്റ് റേറ്റിൽ നിന്നും വെറും മൂന്നുലക്ഷം രൂപ മാത്രമേ കൂടുതലായി വന്നിട്ടുള്ളൂ. ഈ പ്രവൃത്തി നടപ്പിലാകാത്തതുകാരണം ഇതുമായി ബന്ധപ്പെട്ട മറ്റ് പ്രവൃത്തികളെ ബാധിക്കുന്നുണ്ട്. കൂടാതെ ഇനിയും കാലതാമസം വരുത്തുന്നത് കൂടുതൽ ചെലവുണ്ടാക്കും എന്നതിനാൽ ഇക്കാര്യം മന്ത്രിസഭയുടെ പരിഗണനയ്ക്ക് വയ്ക്കാൻ ബഹു. മുഖ്യമന്ത്രി സദയം ഉത്തരവായാലും"

9. ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

**തീരുമാനിക്കേണ്ട വിഷയം**

"JJM-CWSS to Anadu and Nanniyode Panchayaths- Balance work of 200mm DI pumping main- pipe line work" എന്ന പ്രവൃത്തിയ്ക്ക് "ശ്രീ. റ്റി. തങ്കപ്പൻ, കെ.എസ് ഭവൻ, കണ്ണറവിള, നെല്ലിമൂട്. പി.ഒ, തിരുവനന്തപുരം- 695 524" എന്ന കരാറുകാരൻ ക്വാട്ട് ചെയ്ത ദർഘാസ്, Tendered PAC യേക്കാൾ 17% അധികരിച്ച തുകയായ 1,75,88,786/- രൂപയ്ക്ക് (ഒരു കോടി എഴുപത്തിയഞ്ച് ലക്ഷത്തി എൺപത്തിയെട്ടായിരത്തി എഴുന്നൂറ്റി എൺപത്തിയാറ് രൂപ മാത്രം) അനുവദിക്കുന്നതിന് കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർക്ക് അനുമതി നൽകാമോ;